# KNANAYA MISSION
# ക്നാനായ മിഷൻ

For Faith & Traditions

A Publication of Knanaya Catholic Missions in North America
5212 W. Agatite Ave., Chicago, IL 60630
Website: www.knanayamission.org ♦ E-mail: mutholath2000@yahoo.com

KNANAYA MISSION BULLETIN VOL. I No. 2 DECEMBER 2003




# JUBILEE GREETINGS

### വികാരി ജനറാളിന്റെ സന്ദേശം

# സമുദായത്തിൽ ഭിന്നത സൃഷ്ടിക്കരുത്

ജനനം മുതൽ മരണം വരെ നമ്മെ എല്ലാ വിധത്തിലും പരിപോഷിപ്പിക്കുന്ന തറവാടാണ് നമ്മുടെ ഇടവക-രൂപത സംവിധാനം. ക്നാനായ സമുദായത്തിന്റെ രൂപതയും ഇടവകകളും ആത്മീയ ശുശ്രൂഷയോടൊപ്പം സമുദായാംഗങ്ങളുടെ വിദ്യാഭ്യാസം, നേതൃത്വ പരിശീലനം, സാംസ്കാരിക പുരോഗതി, തൊഴിൽ, ആരോഗ്യം, സാമൂഹിക സേവനം എന്നീ രംഗങ്ങളിൽ മികച്ച സേവനമാണർപ്പിക്കുന്നത്. സമുദായ സംഘടനകൾക്ക് അസാധ്യമായ ഏറെ നന്മകൾ വടക്കേ അമേരിക്കൻ സാഹചര്യമനുസരിച്ചു ചെയ്യുവാൻ ക്നാനായ മിഷനുകൾക്കു കഴിയും. പരിശുദ്ധ സിംഹാസനത്തിന്റെ ആനുകാലിക നിർദ്ദേശങ്ങൾക്കനുസരിച്ച് വടക്കെ അമേരിക്കയിലെ ക്നാനായ മിഷനുകളിൽ മാത്രം എൻഡോഗമി പാലിക്കാത്തവരുടെ അംഗത്വം നിഷേധിക്കാത്തതിന്റെ പേരിൽ മിഷനുകളെ തകർക്കുവാൻ ശ്രമിക്കുന്നത് എലിയെ കൊല്ലുവാൻ ഇല്ലം ചുടുന്നതുപോലെയാണ്.

## സംഘടന ഉള്ളപ്പോൾ മിഷൻ എന്തിന്?

വടക്കെ അമേരിക്കയിലെ ക്നാനായ കത്തോലിക്കരെ പ്രാദേശിക-അന്തർദേശീയ തലങ്ങളിൽ സംഘടിപ്പിക്കുന്ന ക്നാനായ അസ്സോസിയേഷനുകളും കെ.സി.സി.എൻ.എയുമുള്ളപ്പോൾ എൻഡോഗമി പാലിക്കാത്തവർക്ക് അംഗത്വം നിഷേധിക്കാനാവാത്ത മിഷനുകൾ നമുക്കുവേണ്ടെന്നു ചിന്തിക്കുന്നവരുണ്ട്. മെത്രാന്മാരുടെയും വൈദികരുടെയും പ്രോത്സാഹനത്തോടെ അൽമായ നേതൃത്വത്തിൽ ക്നാനായ സംഘടനകൾ വടക്കേ അമേരിക്കയിലെ ക്നാനായ കത്തോലിക്കരെ കോർത്തിണക്കി. അവർ സാമുദായിക സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുകയും കമ്മ്യൂണിറ്റി സെന്ററുകൾ, പോഷക സംഘടനകൾ എന്നിവ സ്ഥാപിക്കുകയും ചെയ്തു. പ്രാദേശിക ക്നാനായ സംഘടനകൾക്കും കെ.സി.സി എൻ.എയ്ക്കും ഇനിയും ധാരാളം ചെയ്യുവാൻ കഴിയും. അവ സജീവമായി തുടരണം. ചില സ്ഥലങ്ങളിൽ മിഷനുകൾ സ്ഥാപിക്കുവാനും അവർ മുൻകൈയെടുത്തു.



ഫാ. ഏബ്രഹാം മുത്തോലത്ത്

ലോസാഞ്ചലസിൽ ക്നാനായ മിഷൻ ആരംഭിച്ചപ്പോൾ ആദ്യ പൊതുയോഗത്തിൽ ഒരാൾ ചോദിച്ചു: “ഇനി നമുക്കു രണ്ടു പ്രസ്ഥാനം എന്തിന്? മിഷൻ ഉണ്ടാകുകയാണെങ്കിൽ അസ്സോസിയേഷൻ പിരിച്ചു വിട്ടാലോ? രണ്ടിലും ഒരേ ആൾക്കാർക്കല്ലേ അംഗത്വമുള്ളത്” എന്റെ മറുപടി ഇതായിരുന്നു: “അസ്സോസിയേഷനും മിഷനും പരസ്പര പൂരകങ്ങളായ വ്യത്യസ്ത റോളുകളാണുള്ളത്. മിഷൻ ശ്രദ്ധിക്കുന്നത് അജപാലന ശുശ്രൂഷയിലാണ്. ദിവ്യബലി, മതപഠനം, നൊവേന, ധ്യാനം, തിരുനാളുകൾ, ഭക്ത സംഘടനകൾ, മാമ്മോദീസാ, വിവാഹ ഒരുക്ക സെമിനാറുകൾ, വിവാഹം, വീടു വെഞ്ചരിപ്പ്, മരിച്ചടക്ക്, ശ്രാദ്ധം എന്നിങ്ങനെ സഭാ നിയമമനുസരിച്ച് അജപാലന ശുശ്രൂഷ ചെയ്യുന്നതിനാണ് മിഷൻ. അവ ചെയ്യുവാൻ അത്മായ സംഘടനയ്ക്ക് സാധിക്കുകയില്ല. എന്നാൽ ക്നാനായ സംഘടനകൾ ചെയ്തു വരുന്ന ക്നാനായ നൈറ്റ് കലാ സാംസ്ക്കാരിക ആഘോഷങ്ങൾ, സാമുദായിക പോഷക സംഘടനകൾ, സമുദായ ബോധവല്കരണം, കൺവൻഷൻ തുടങ്ങി ഒട്ടനവധി കാര്യങ്ങൾ ക്നാനായ അസ്സോസിയേഷനുകൾ ചെയ്യേണ്ടവയാണ്. ഒരുവന് രണ്ടു കാലുകളും ആവശ്യമായിരിക്കുന്നതുപോലെ വടക്കെ അമേരിക്കയിൽ അസ്സോസിയേഷനും ക്നാനായ മിഷനും ഒരുപോലെ പ്രസക്തിയുണ്ട്. അവ രണ്ടും പരസ്പരം സഹകരിച്ച് സമുദായത്തിനു പിന്തുണ നൽകണം.” അതിനാൽ അസ്സോസിയേഷൻ മിഷനേയോ, മിഷൻ അസ്സോസിയേഷനേയോ ദുർബലപ്പെടുത്തരുത്.

---

## COVER STORY

JUBILEE GREETINGS TO

**MAR MATHEW MOOLAKKATT**

COADJUTOR BISHOP OF KOTTAYAM

ON THE SILVER JUBILEE OF HIS PRIESTLY ORDINATION

ON DECEMBER 27, 2003

Mar Mathew Moolakkatt was born on February 27,1953 at Uzhavoor in Kottayam District. He was ordained priest on the 27th December, 1978. He has B.Sc., B. Ed., M. A. in Sociology and doctorate in Canon Law. In 1994 he joined the Vallombrosan Benedictine Monastery and made the Final Profession on December 5, 1998. On December 28, 1998 he was nominated Bishop of Holler and appointed Auxiliary Bishop of Kottayam. He received the Episcopal Ordination on 6th January, 1999 from His Holiness Pope John Paul II. He is now serving as member of CBCI Commission for Justice, Peace, and Development. He is currently coadjutor bishop and vicar general of the Diocese of Kottayam.

## അസ്സോസിയേഷന്റെ നേതൃത്വത്തിൽ അജപാലന ശുശ്രൂഷ സാധ്യമല്ലേ?

**ക്നാ**നായ മിഷനുകളെ ഒഴിവാക്കി അസ്സോസിയേഷന്റെ നേതൃത്വത്തിൽ മാസത്തിലൊരു കുർബാനയും ആവശ്യമായ മറ്റു തിരുക്കർമ്മങ്ങളും, ലഭ്യമാകുന്ന വൈദികരെ ക്ഷണിച്ചു നടത്തിക്കൂടെ; ഇതുവരെ അങ്ങനെയല്ലേ പലയിടങ്ങളിലും നാം ചെയ്തുവന്നത് എന്നു ചോദിക്കുന്നവരുണ്ട്. സഭയിലെ അജപാലന ശുശ്രൂഷാധികാരം മാർപാപ്പയിൽനിന്നു മെത്രാൻ വഴിയാണു വൈദികർക്കു ലഭിക്കുക. അതാതു സ്ഥലത്തെ വിശ്വാസികളുടെ അജപാലന ശുശ്രൂഷയ്ക്ക് മാർപാപ്പ നിയോഗിച്ച മെത്രാൻ ചുമതലപ്പെടുത്തുന്ന വികാരിക്കു (മെത്രാന്റെ ഔദ്യോഗിക പ്രതിനിധിക്കു) മാത്രമേ ആ ശുശ്രൂഷകൾ നടത്തുവാനോ അതിനു മററു വൈദികരെ ചുമതലപ്പെടുത്തുവാനോ അധികാരമുള്ളൂ. വൈദികരെ അജപാലന ശുശുശ്രൂഷ ഏല്പിക്കുവാൻ അസ്സോസിയേഷനുകൾക്ക് സാധിക്കുകയില്ല. അജപാലനാധികാരമുള്ള സ്ഥലത്തെ മെത്രാന്റെയോ അദ്ദേഹം ചുമതലപ്പെടുത്തിയ വൈദികന്റെയോ സമ്മതമില്ലാതെ തിരുക്കർമ്മങ്ങൾ പരികർമ്മം ചെയ്യുവാൻ സഭാ നിയമം മറ്റു വൈദികരെ അനുവദിക്കുന്നില്ല. അതിനാൽ ക്നാനായ മിഷനുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ നമ്മുടെ വൈദികരുടെ സേവനം ലഭ്യമാകുവാൻ ക്നാനായ മിഷനുകൾ നാം സ്ഥാപിക്കണം.

## ലത്തീൻ സഭയിൽ നാമിപ്പോൾ അംഗങ്ങളല്ല

**വ**ടക്കെ അമേരിക്കയിൽ നമ്മുടെ ജനങ്ങൾ ആദ്യം കുടിയേറിയപ്പോൾ സീറോ മലബാർ മിഷനുകൾ ഇവിടെ നിലവിലില്ലാതിരുന്നതിനാൽ പ്രാദേശിക ലത്തീൻ ഇടവകകളിൽ അംഗങ്ങളായി. എന്നാൽ വടക്കെ അമേരിക്കയിൽ സീറോ മലബാർ രൂപത നിലവിൽ വന്നതോടുകൂടി മാർപാപ്പായുടെ കല്പനപ്രകാരം ലത്തീൻ മെത്രാന്മാർക്ക് സീറോ മലബാറുകാരുടെ മേൽ ഉണ്ടായിരുന്ന അജപാലനാധികാരം ഇല്ലാതായി. അമേരിക്കൻ കോൺഫറൻസ് ഓഫ് കാത്തലിക് ബിഷപ്സ് ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.(http://www.useeb.org/mrs/harmony.htm).

ഇപ്പോൾ മാർ ജേക്കബ് അങ്ങാടിയത്തു പിതാവ് പ്രാദേശിക തലത്തിൽ ചുമതലപ്പെടുത്തുന്ന സീറോ മലബാർ (ക്നാനായ) വൈദികനോ അദ്ദേഹം അനുവാദം നൽകുന്ന വൈദികനോ മാത്രമേ അമേരിക്കയിലെ സീറോ മലബാറുകാരുടെ (ക്നാനായക്കാരുടെ) അജപാലനാവശ്യങ്ങൾ നടത്തിക്കൊടുക്കുവാൻ സാധിക്കുകയുള്ളൂ. അമേരിക്കയിൽ ജനിച്ച് ലത്തീൻ പള്ളിയിൽ ലത്തീൻ ആരാധനാക്രമത്തിൽ ലത്തീൻ പള്ളിയിലെ വൈദികനിൽ നിന്ന് മാമ്മോദീസാ സ്വീകരിച്ച സീറോമലബാറുകാരുടെ കുട്ടികളും സഭാ നിയമപ്രകാരം സീറോമലബാറുകാരാണ് (അമേരിക്കൻ കോൺഫറൻസ് ഓഫ് കാത്തലിക് ബിഷപ്സ്, ഈസ്റ്റേൺ കാത്തലിക്സ് ഇൻ ദ യുണൈറ്റഡ് സ്റ്റെയ്റ്റ്സ് ഓഫ് അമേരിക്ക (പേജ് 24, 25). സീറോ മലബാർ രൂപത സ്ഥാപി



Mar Jacob Angadiath inaugurating *www.knanayamission.org*, the website of Knanaya Mission. Fr. Philip Thodukayil and Fr. Abraham Mutholath are also seen.

ക്കുന്നതുവരെ ലത്തീൻ ഇടവകയിൽ ഉണ്ടായിരുന്നവർക്കോ അവരുടെ മക്കൾക്കോ പോലും മാമ്മോദീസാ, ആദ്യകുർബാന സ്വീകരണം, സൈ്ഥര്യലേപനം, വിവാഹം എന്നിവയ്ക്കും വീടു വെഞ്ചെരിപ്പ്, മന്ത്ര തുടങ്ങിയ തിരുക്കർമ്മങ്ങൾക്കും സീറോ മലബാർ മെത്രാൻ ചുമതലപ്പെടുത്തിയ വൈദികനോ അദ്ദേഹം അനുവദിക്കുന്ന വൈദികനോ വേണം കാർമ്മികത്വം വഹിക്കുവാൻ.

(Details in www.knanayamission.org/eastern-churches.htm)

## നമുക്കു ലത്തീൻ റീത്തിൽ ചേരാമോ?

പതിന്നാലു വയസ്സിൽ താഴെയുള്ള നമ്മുടെ കുട്ടിയെ ലത്തീൻ റീത്തിൽ മാമ്മോദീസാ മുക്കിയാലും ആ കുട്ടി സീറോ മലബാറുകാരനാണ്. സീറോ മലബാർ റീത്തിൽപ്പെട്ട വൈദികൻ ലഭ്യമാണെങ്കിൽ ലത്തീൻ റീത്തിൽപ്പെട്ട വൈദികർക്ക് അതിന് അനുവാദമില്ല. പതിന്നാലു വയസ്സിനു മേൽ പ്രായമുള്ള ആൾക്കു തനിക്കിഷ്ടപ്പെട്ട റീത്തിൽ ജ്ഞാനസ്നാനം സ്വീകരിക്കാം. മാമ്മോദീസാ സ്വീകരിച്ച ശേഷം വിവാഹം വഴി ജീവിത പങ്കാളിയുടെ റീത്തു സ്വീകരിക്കുവാൻ സ്വാതന്ത്ര്യമുണ്ട്. അല്ലാത്ത റീത്തുമാറ്റം സഭ പ്രോത്സാഹിപ്പിക്കുന്നില്ല. റീത്തുമാറണമെന്നു നിർബന്ധമുള്ള വ്യക്തിയ്ക്ക് ബന്ധപ്പെട്ട മെത്രാന്മാരുടെയോ പരിശുദ്ധ സിംഹാസനത്തിന്റെയോ അനുവാദം ആവശ്യമാണ്. അത് ലഭിക്കുക പ്രയാസമാണ്.

വടക്കേ അമേരിക്കയിലെ ക്നാനായ കത്തോലിക്കർ സഭയോടു വിധേയത്വം നിലനിർത്തി സഭാപരമായി വളന്നാൽ സദ്ഫലങ്ങൾ പുറപ്പെടുവിക്കുവാൻ സാധിക്കും. ക്നാനായ സീറോ മലബാർ ഇടവകകൾ സ്ഥാപിക്കുവാനും ക്നാനായ വൈദികരുടെയും സിസ്റ്റേഴ്സിന്റെയും സേവനം പ്രയോജനപ്പെടുത്തുവാനും നമുക്കു കഴിയും. എല്ലാ ഞായറാഴ്ചയും ദിവ്യബലിക്കും മതപഠനത്തിനും ഭക്ത സംഘടനകൾക്കുമായി ഒന്നിച്ചു കൂടുന്നതിനാൽ സമുദായാംഗങ്ങൾ തമ്മിൽ അടുക്കുവാനും അതുവഴി എൻഡോഗമിക്ക് അനുകൂലസാഹചര്യം സൃഷ്ടിക്കുവാനും ഇടയാകും. ക്നാനായ സംഘടനകൾക്ക് എല്ലാ ആഴ്ചയിലും ക്നാനായക്കാരെ പ്രാദേശികതലങ്ങളിൽ ഒന്നിച്ചുകൂട്ടുക അസാദ്ധ്യമാണല്ലോ. വടക്കേ അമേരിക്കയിൽ ക്നാനായ മിഷനുകളും ഇടവകകളും വർദ്ധിക്കുമ്പോൾ സ്വന്തമായ ഭരണസംവിധാനമോ രൂപതയോ നമുക്കു ലഭിക്കുവാനുള്ള സാധ്യതയുണ്ട്. സീറോ മലബാർ സഭ പാത്രിയർക്കൽ സഭയാകുവാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. സീറോ മലബാർ സഭയുടെ അജപാലന പരിധി അമേരിക്കയിലേക്കു കൂടി വ്യാപിച്ചുകിട്ടിയാൽ നമുക്കും അനുകൂലമായ സാഹചര്യങ്ങൾ പ്രതീക്ഷിക്കാം.

## മിഷനുകൾ എൻഡോഗമിക്ക് എതിരാണോ?

ക്നാനായക്കാരുടെ എൻഡോഗമിക്കു മാർ അങ്ങാടിയത്തു പിതാവോ സീറോ മലബാർ സഭയോ പരിശുദ്ധ സിംഹാസനമോ എതിരല്ല. മറിച്ച്, എൻഡോഗമി പാലിക്കുന്നതിൽ അവർക്കു സന്തോഷമേയുള്ളൂ. കാരണം എൻഡോഗമി നിലനില്ക്കുന്നതിനാൽ കത്തോലിക്കാ വിശ്വാസവും കുടുംബ ഐക്യവും പ്രബലപ്പെട്ടുപോരുന്നു.

ക്നാനായ ഇടവകകളിലെ എൻഡോഗമി പ്രകാരമുള്ള അംഗത്വത്തെ സംബന്ധിച്ച അഭിപ്രായ ഭിന്നത ഉടലെടുത്തത് സീറോ മലബാർ സഭയിൽനിന്നോ പരിശുദ്ധ സിംഹാസനത്തിൽ നിന്നോ അല്ല. സമുദായത്തിനു വെളിയിൽ നിന്നു ജീവിത പങ്കാളിയെ സ്വീകരിക്കുന്ന ക്നാനായക്കാരന്റെ ഭാര്യയും മക്കളും ക്നാനായക്കാരല്ലാത്തതിനാൽ അവർക്ക് ക്നാനായ ഇടവകകളിൽ അംഗത്വം നൽകുവാൻ സാധിക്കില്ലെന്ന നിലപാട് കോട്ടയം രൂപത സ്വീകരിച്ചു. കുടുംബനാഥൻ മാത്രം ക്നാനായ ഇടവകയിലും ഭാര്യയും മക്കളും മറ്റ് ഇടവകയിലും ചേരുന്നതിനു പകരം കുടുംബസമേതം അടുത്തുള്ള ക്നാനായേതര സീറോ മലബാർ ഇടവകയിൽ ചേരുവാൻ കോട്ടയം രൂപത അനുവാദം നൽകുന്നു. അവരെ സ്വീകരിക്കുവാൻ പ്രസ്തുത ഇടവകകൾ തയ്യാറുമാണ്.

സമുദായം മാറി വിവാഹം ചെയ്ത ചിലർ തങ്ങൾക്കും ക്നാനായ മിഷനിൽ അംഗത്വം വേണമെന്ന് ആവശ്യപ്പെട്ട് ചിക്കാഗോ അതിരൂപതയിൽ പരാതിപ്പെട്ടു. അവർക്കനുകൂല തീരുമാനമെടുത്ത് അതിരൂപതാദ്ധ്യക്ഷൻ പൗരസ്ത്യ തിരുസംഘത്തിന്റെ അഭിപ്രായം തേടി. തിരുസംഘത്തലവൻ ചിക്കാഗോ അതിരൂപതാദ്ധ്യക്ഷന്റെ അഭിപ്രായത്തെ ശരിവെച്ചു. അമേരിക്കയിൽ സ്ഥാപിതമാകുന്ന ക്നാനായ മിഷനുകൾ കോട്ടയം രൂപതയുടെ അജപാലന പരിധിയിൽ വരാത്തതിനാൽ തന്റെയും സമുദായത്തിന്റെയും തീവ്രമായ ആഗ്രഹം അറിയിക്കുവാൻ മാത്രമേ കോട്ടയം രൂപതാദ്ധ്യക്ഷനു കഴിയുമായിരുന്നുള്ളൂ.

കോട്ടയം രൂപതയിലെ എൻഡോഗമി പ്രകാരം ഇടവകാംഗത്വം നൽകുന്ന പാരമ്പര്യം അമേരിക്കയിൽ നടപ്പിലാക്കരുത് എന്നതാണ് പൗരസ്ത്യ തിരുസംഘത്തിൻെറ നിലപാട്. കോട്ടയം രൂപതയിൽ ഈ പാരമ്പര്യത്തിനു മാറ്റം വരുത്തണമെന്നോ ക്നാനായക്കാരല്ലാത്ത ജീവിത പങ്കാളിക്കും മക്കൾക്കും ക്നാനായ ഇടവകയിൽ അംഗത്വം നൽകണമെന്നോ റോം നിർദ്ദേശിക്കുന്നില്ല. എന്നാൽ ക്നാനായക്കാരുടെ പ്രതീക്ഷകൾക്കനുസരിച്ച് ക്നാനായ ഇടവകകൾ സ്ഥാപിക്കണമെന്നും അവർക്കു ക്നാനായ വൈദികരുടെ സേവനം ലഭ്യമാക്കണമെന്നും അവർ കടന്നുവന്ന സാംസ്കാരികാന്തരീക്ഷത്തിന്റെ പശ്ചാത്തലത്തിൽ വളരെ ശ്രദ്ധയോടും ക്ഷമയോടുംകൂടി അവർക്കു ശുശ്രൂഷ നൽകണമെന്നും പൗരസ്ത്യ തിരുസംഘം മാർ ജേക്കബ് അങ്ങാടിയത്തിനു നിർദ്ദേശം നൽകി. ഈ സമുദായത്തോടുള്ള പരിശുദ്ധ സിംഹാസനത്തിന്റെ താല്പര്യവും അതു നിലനിന്നു കാണണമെന്നുള്ള ആഗ്രഹവും വ്യക്തമാണ്.

## പൗരസ്ത്യ തിരുസംഘവുമായി നടന്ന ചർച്ചകൾ

വടക്കെ അമേരിക്കയിലെ ക്നാനായക്കാരുടെ പ്രശ്നങ്ങൾ അഭിവന്ദ്യ മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവും മാർ മാത്യു മൂലക്കാട്ടു പിതാവും പ്രോ-വികാരി ജനറാൾ മോൺ. ജേക്കബ് കൊല്ലാപറമ്പിലും പലപ്രാവശ്യം പൗരസ്ത്യ തിരുസംഘവുമായി ചർച്ച നടത്തിയിട്ടുണ്ട്. 2003 ജൂലൈ നാലുമുതൽ ആറുവരെ റോമിൽ നടന്ന ക്നാനായ ഗ്ലോബൽ കൺവൻഷൻ പൗരസ്ത്യ തിരുസംഘത്തിൽ സമർപ്പിച്ച അപേക്ഷയിലും ചർച്ചയിലും വടക്കെ അമേരിക്കയിലെ ക്നാനായ കത്തോലിക്കർക്കു ഭാവിയിൽ രൂപത ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചപ്പോൾ അതിന് എതിരുപറഞ്ഞില്ല. ക്നാനായക്കാർക്ക് തനതായ സഭാസംവിധാനം രൂപതാതലത്തിൽ നൽകുവാൻ മാർ ജേക്കബ് അങ്ങാടിയത്തു പിതാവിനോടു നിർദ്ദേശിക്കണമെന്ന് കൺവൻഷൻ നേതാക്കൾ അഭ്യർത്ഥിച്ചപ്പോൾ നൽകിയ മറുപടി: "പരിശുദ്ധ പിതാവു നിങ്ങൾക്കു നിയോഗിച്ച മെത്രാൻ നിങ്ങളുടെ സമുദായാംഗമല്ലെങ്കിലും അദ്ദേഹത്തെ മുൻ വിധികൂടാതെ അനുസരിക്കുക. പ്രശ്നങ്ങളുണ്ടായാൽ ഞങ്ങളെ അറിയിക്കുക. അദ്ദേഹത്തെ അനുസരിക്കാതെ നിങ്ങളെ സഹായിക്കുവാൻ ഞങ്ങൾക്കു സാധിക്കുകയില്ല".

മേൽപറഞ്ഞ വിവിധ ചർച്ചകളുടെ പശ്ചാത്തലത്തിലാണ് മാർ കുന്നശ്ശേരി പിതാവും മോൺ. ജേക്കബ് കൊല്ലാപറമ്പിലുമായി ആലോചിച്ചശേഷം മാർ മാത്യു മൂലക്കാട്ടു പിതാവ് മാർ അങ്ങാടിയത്തു പിതാവുമായി ചർച്ചകൾ നടത്തിയത്. മാർ മൂലക്കാട്ടു പിതാവും മാർ അങ്ങാടിയത്തു പിതാവും ചർച്ചചെയ്തു സ്വീകരിച്ച സമീപനത്തെ മാർ കുന്നശ്ശേരി പിതാവ് അംഗീകരിച്ചതായി മാർ അങ്ങാടിയത്തു പിതാവിനെയും എന്നെയും ഫോണിൽ വിളിച്ച് അറിയിച്ചു. അതേ തുടർന്നാണ് ക്നാനായ മിഷനുകൾക്കും ഡയറക്ടർമാർക്കും മാർ അങ്ങാടിയത്തു പിതാവ് ഔദ്യോഗിക കല്പന നൽകിയത്. സമുദായത്തിന്റെ അഭിവൃദ്ധിക്കും ഐക്യത്തിനും വേണ്ടി ഉദ്ദേശ്യ

# HISTORY OF KNANAYA CATHOLIC MISSIONS IN GREATER NEW YORK

**PREPARED BY REV. FR. ABRAHAM KALARICKAL**



Bishop Mar Kuriakose Kunnacherry



Fr. Sauriamakil



Fr. Thomas Kottoor



Fr. Michael N.I.



Fr. Abraham Kalarickal

From the Catholic Eparchy of Kottayam alone we have about 2000 families living in North America. The Knanaya Catholic Community has at present ten Missions, such as Philadelphia, Houston, San Jose, Chicago, Dallas, Los Angeles and four in **Greater New York**. Greater New York is the second largest Knanaya Catholic Community in the United States, after Chicago. There are four Missions established - two in the Archdiocese of New York, one in the Archdiocese of Newark and one in the diocese of Brooklyn and Rockville Center.

The history of **KNANAYA CATHOLIC MISSION OF GREATER NEW YORK** is fascinating. Here the Greater New York means the Tri-State area, which includes New York, New Jersey and Connecticut. In the late 1960-s the Knanaya Catholic Nurses belonging to the Diocese of Kottayam migrated to the city of New York in search of job and better lives. They mainly concentrated in Manhattan. While there were only around 100 families in 1975, now there are more than 400 families in Greater New York area. Knanaya Catholics living in Tri-state area established "Indian Knanaya Catholic Association" under the Spiritual Leadership of Rev. Fr. James Kudilil in 1976. Mr. Mathewkutty Vattakalam was its first president. Through the

*continued on page 8...*

---

ശുദ്ധിയോടെ നമ്മുടെ അഭിവന്ദ്യ പിതാക്കന്മാർ എടുത്ത തീരുമാനത്തോടു സഹകരിക്കുവാൻ നാം ശ്രമിക്കണം.

### എൻഡോഗമി പാലിക്കാത്തവർ മിഷനിൽ വന്നാൽ?

എൻഡോഗമി പാലിക്കാത്ത ക്നാനായക്കാരുടെയും ക്നാനായക്കാരല്ലാത്ത സീറോ മലബാറുകാരുടെയും അജപാലന ശുശ്രൂഷ സഭാധികാരികളുടെ അനുവാദത്തോടെ കോട്ടയം രൂപതയിലെ പള്ളികളിൽ നടത്തിവരുന്നുണ്ട്. നമ്മുടെ പള്ളികളിൽ പതിവായി തിരുക്കർമ്മങ്ങളിൽ സംബന്ധിക്കുകയും ഭക്തസംഘടനകളിലും വികസന പ്രവർത്തനങ്ങളിലും ഭാഗഭാക്കാകുകയും ചെയ്യുന്ന മേൽപ്പറഞ്ഞ ആൾക്കാരുണ്ട്. അതാതിടവകയിൽ ക്നാനായക്കാരെയും അല്ലാത്തവരെയും തമ്മിൽ എല്ലാവർക്കും തിരിച്ചറിയാം. എന്നാൽ എല്ലാവരും ഒരുമയോടെ പ്രവർത്തിക്കുന്നു. അതിന്റെ പേരിൽ സമുദായം തകരുകയല്ല; ക്രൈസ്തവ സാഹോദര്യം നിലനിൽക്കുകയാണ് ചെയ്യുന്നത്. ആ വിശാലത നാം ഇവിടെയും കാണിക്കണം. സമുദായം മാറി വിവാഹം ചെയ്യുന്ന വ്യക്തി നിർബന്ധിച്ചാൽ അയാളെ ഇടവകാംഗത്വത്തിൽ നിന്ന് ഒഴിവാക്കുന്നില്ല എന്നതൊഴിച്ചാൽ നാട്ടിലെ ഇടവകയിൽനിന്നു വ്യത്യസ്തമായി ഇവിടെ ഒന്നുമില്ല. ഇതിന്റെ മാത്രം പേരിൽ ക്നാനായ മിഷനുകളെ എതിർക്കുന്നതു ശരിയാണോ? സമുദായ സംഘടനകളിൽ നമുക്ക് എൻഡോഗമി പ്രകാരമുള്ള അംഗത്വം നിലനിർത്താമല്ലോ.

ക്നാനായ സംഘടനകളെയോ സഭ സ്ഥാപിച്ച ക്നാനായ മിഷനുകളേയോ ഇല്ലാതാക്കുവാൻ സാധിക്കുകയില്ല. എന്നാൽ അവയുടെ പേരിൽ ഭിന്നത വളർത്തിയാൽ സമുദായത്തിൽ അപവാദങ്ങളും വിദ്വേഷവും വിഭജനവും വർദ്ധിക്കും. അവ ഒഴിവാക്കുവാനുള്ള നടപടികളെക്കുറിച്ചാണ് നാമിനി ചിന്തിക്കേണ്ടത്. സഭാപരമായ അറിവില്ലായ്മയാണ് ഇന്നത്തെ തെറ്റിദ്ധാരണകൾക്ക് മുഖ്യ കാരണം. സഭാബോധവത്കരണത്തിനു വേദികളുണ്ടാകണം. ക്നാനായ മിഷനുകളുടെയും അസ്സോസിയേഷനുകളുടെയും റോളുകൾ നിർവചിച്ച് പരസ്പര ധാരണയിൽ നീങ്ങുവാൻ നാം



Mar Jacob Angadiath reading the first issue of Knanaya Mission after he has released the bulletin.

മാർഗങ്ങളുണ്ടാക്കണം. ഇക്കാര്യത്തിൽ ക്നാനായ മിഷനും അസ്സോസിയേഷനും സഹകരിച്ചു നേതൃത്വം നൽകേണ്ടതുണ്ട്.

ശത്രുക്കളെപ്പോലും സ്നേഹിക്കുവാൻ പഠിപ്പിച്ച ശാന്തി ദൂതനായ ഈശോയുടെ ജന്മദിനമാഘോഷിക്കുന്ന നമുക്ക് സമാധാനത്തിനും ഐക്യത്തിനും വേണ്ടി പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യാം. നിങ്ങൾക്കേവർക്കും ക്രിസ്മസിന്റെ ആശംസകൾ ഹൃദയപൂർവ്വം നേരുന്നു.

# OUR CHURCH STATUS ACCORDING TO AMERICAN BISHOPS' CONFERENCE

*The following is from pages 24 to 33 of the book, Eastern Catholics in the United States of America published by Committee on the Relationship between Eastern and Latin Catholic Churches for American Conference of Catholic Bishops. This book explores the similarities and differences between the Roman and Eastern Churches. Building on Pope John Paul II's apostolic letter, The Light of the East (Orientale Lumen), this new publication promotes a greater understanding of the experience of Eastern Catholics in the USA..*

In the day-to-day life of the Church, it is usually a question relating to the celebration of the Holy Mysteries of Christian Initiation and Marriage for Eastern Catholics, which require a clear understanding on the part of the minister of the Latin Church.

**Membership of Autonomous Ritual Churches**

It is not possible simply to be a "Catholic" - a member "at large" of the universal Catholic Church. A person is always a member of a specific autonomous ritual Church and only as such is a person a member of the Catholic Church.

In Baptism, a person is enrolled in an autonomous ritual Church and the Church to which that person belongs is determined by church law. A person, no matter by whom or where or in what liturgical ceremony he or she is baptized, belongs to the autonomous ritual Church to which he or she should belong in accordance to the norms of law. Canons 29-30 of the *Code of Canons of the Eastern Churches* establish the canonical legislation for Eastern Catholics.

From time to time, it may become necessary, when it is a question of membership of a Church by reason of Baptism, to clarify to which Church a Catholic belongs. In such cases, the following principles apply:

**1. Baptism of children under the age of fourteen:**

By virtue of Baptism, a child is enrolled in the Church of the Catholic father or the Church of the mother if only the mother is Catholic or if both parents by agreement freely request it, with due regard for particular laws established by the Apostolic See; these principles also apply in the case of an adoptive father and mother;

i. If only one parent is a Catholic, the child belongs to the Church of that parent.

ii. If born of an unmarried mother, the child belongs to her Church;

iii. If born of unknown parents, the child belongs to the Church of the legal guardians;

iv. If born of nonbaptized parents the child is to be a member of the Church of the person undertaking the responsibility to educate the child in the Catholic faith.

**2. Baptism of children over the age of fourteen:**

A person of fourteen years of age or older, who requests Baptism, is free to choose any Church.

**The Holy Mysteries of Christian Initiation**

***Baptism***

A priest or deacon of the Latin Catholic may not baptize a child of Eastern Catholic parents, unless a priest of the parents' Church cannot perform this holy mystery. The follow-ing circumstances constitute unavailability of the priest of the Eastern Church, and in such cases a priest or deacon of the Latin Church may baptize the child.

i. The child is in danger of death;

ii. The priest of the Eastern Church is too far away to bring the child to him;

iii. The priest of the Eastern Church cannot come to baptize the child.

If, in these circumstances, a priest or deacon of the Latin Church baptizes the child he must:

i. State, in his own baptismal register, to which Eastern Church the child belongs;

ii. Send notifications of the baptism to the priest of the Eastern Church;

iii. If there is no priest of the child's Eastern Church in the USA, the registration of the baptism is made only in the parochial register of the Latin Church, but the Eastern Church to which the child belongs must be noted.

***Chrismation***

In the Eastern Catholic Churches, Chrismation (known in the West as Confirmation) is always received at the time of Baptism. (When there is danger of death, it may be admin-istered later.) If, in the exceptional circumstances as mentioned above, a Latin priest were to baptize a child belonging to an Eastern Church, unless such a priest has the faculties to administer the Holy Mystery of Chrismation and has the permission of the proper pastor to do so, he must not chrismate the child. The child should be chrismated by a priest of his or her own autonomous ritual Church as soon as possible after Baptism.

As many Eastern Catholic children attend Catholic schools under the control of the Latin Church, it often happens that they are involved in sacramental preparation programs. It is at these times that the question of Chrismation arises. As the Sacrament of Chrismation cannot be repeated, any attempt to do so is strictly prohibited.

If, at the time of confirmation for the class or group of chil-dren in the sacramental program, it is found that a child belonging to an Eastern Church has not yet received the holy mystery of Chrismation, the child must then be chrismated in his or her proper autonomous ritual Church.

***The Eucharist***

It is the normal practice of the Church that Catholics celebrate the Lord's day by participating in the celebration of

the Eucharist in a community of their own Church. Nevertheless, where there is a diversity of Churches in the one place, the faithful worthily celebrate the resurrection of Jesus by attending the Eucharist in any of the autonomous ritual Churches.

Holy Communion may be received in any Catholic Church. Since sacramental initiation in the mystery of salvation is perfected in the reception of the Divine Eucharist, children of Eastern Catholic Churches who have not received the Eucharist at the time of their Christian initiation, should receive their first Holy Communion in their own autonomous_Church.

**The Holy Mystery of Penance**

Catholics may receive absolution from any priest belonging to either the Latin or the Eastern Churches provided he has the faculty to administer the Holy Mystery of Penance. However, priests of the Latin Church hearing the confession of members of Eastern Churches should exercise particular care, as the perception of failing towards God and one's neighbor is deeply formed, and expressed, in terms drawn from one's own liturgical and religious experience.

Priests of the Latin Church need to be aware that the auto-matic penalties in the law of the Latin Church are not found in that of the Eastern Churches. On the other hand, the prac-tice of "reserved sins" is still retained in the Eastern Churches.

**The Holy Mystery of Matrimony**

It is at the time of an impending marriage that members of Eastern Churches often come into contact with pastors of the Latin Church.

It is the canonical tradition of Eastern Churches that mar-riage is to be celebrated before the pastor of the groom unless particular law determines otherwise or a just cause excuses. Unlike the Latin Church, in the Eastern Churches a deacon cannot assist at a marriage.

In the USA, a priest of the Latin Church cannot, without special delegation from the eparch of the Eastern Church, validly bless the marriages of the subjects of that eparch even if celebrated in his parish:

1. Two Eastern Catholics both of whom belong to the Armenian, Chaldean, Maronite, Melkite, Romanian, Ruthenian, Syrian, or Ukrainian Churches;
2. An Eastern Catholic belonging to the Armenian, Chaldean, Maronite, Melkite, Romanian, Ruthenian, Syrian, or Ukrainian Churches marrying a baptized person who is not a member of the Catholic Church or an unbaptized person; a bishop of the Latin Church has no authority to permit such a marriage or grant a dispensation for it.

In the USA, a priest of the Latin Church, with the faculty to assist at marriages, may validly bless the following marriages involving Eastern Catholics:

1. Two Eastern Catholics neither of whom belongs to the Armenian, Chaldean, Maronite, Melkite, Romanian, Ruthenian, Syrian, or Ukrainian Churches;
2. An Eastern Catholic who does not belong to the Armenian, Chaldean, Maronite, Melkite, Romanian, Ruthenian, Syrian, or Ukrainian Churches marrying a baptized person who is not a member of the Catholic Church or an unbaptized person.

The marriage between a Latin Catholic and an Eastern Catholic should take place in the Church of the man. Unlike the Latin Church, a deacon in the Eastern Catholic Churches cannot validly assist at a marriage between a man belonging to the Latin Church and a woman belonging to an Eastern Church.

In the case where the groom is a member of the Armenian, Chaldean, Maronite, Melkite, Romanian, Ruthenian, Syrian, or Ukrainian Churches, and the bride is a Latin Catholic, the Eastern Eparch may grant a dispensation so that the marriage may be lawfully celebrated.

When dealing with the faithful of the Eastern Churches, Latin pastors must be aware of the differences in the legis-lation of the Latin Church and that of the *Code of Canons of the Eastern Churches* in regard to marriage. For example, the impediment of affinity extends in the collateral line to the second degree, that is, prohibiting marriage with one's sister/brother-in-law. The impediment of spiritual relationship is retained in the Eastern Churches so a marriage between a sponsor and the baptized person and the parents of the same is invalid.

**The Power to Dispense**

Eastern Catholics can only be dispensed by their own eparch. Any dispensation granted by a Latin bishop to the faithful of these Churches is invalid.

Those Eastern Catholics who do not have their own eparchy or exarchate established in the USA are placed under the jurisdiction of the local Latin bishop and may be validly dispensed by him.

**Transfer from One Church to Another**

In very exceptional circumstances, the Church permits the faithful to transfer their membership from one autonomous ritual Church to another. This is never undertaken lightly and touches upon the deepest relationship between the individual member of the body of Christ, its other members, and the bonds that link us to our Savior. Formerly the power to authorize such a transfer was reserved to the Apostolic See alone. For Eastern Catholics in the USA, such a transfer may take place on the agreement of the respective bishops. If there is no agreement, the request is submitted to the proper Roman dicastery.

Marriage also provides an opportunity for a person to trans-fer from one Church to another. An Eastern Catholic wife may transfer to the Church of her husband. A Latin Catholic husband or wife may transfer to the Church of their Eastern spouse at the time of marriage or during the marriage.

◆


**INVITING ADVERTISEMENTS**

Please send your business and complementary advertisement to support the publication and distribution expenses of Knanaya Mission Bulletin. Please contact Rev. Fr. Philip Thodukayil at thodukayil@aol.com

*or* **(773) 509-9147**

*continued from page5....*

initiative of the Association, Diocese of Brooklyn established a Knanaya Catholic Ministry in March 27, 1993. Mar Kuriakose Kunnacherry, the bishop of Kottayam sent Rev. Fr. Joseph Saurianmakkil to serve as its first director. The official inauguration of the mission was on April 17, 1993 during the Easter Celebration of Indian Knanaya Catholic Association of Greater New York. Fr. Sauriamakil organized Holy Masses in Syro-Malabar rite in Brooklyn, New Jersey, Rockland and Westchester-Bronx. Thus, four Knanaya Catholic Missions emerged in Greater New York.

People participate actively in the Eucharistic Celebrations. We have an active choir and the attendance at Mass is very high. We have trained Eucharistic ministers, lectors, altar servers, and catechism teachers. During Christmas and Holy Week we have special liturgical celebrations in Syro-Malabar Rite. Besides, we have special prayers for the deceased and novenas. There are family prayer meetings and celebrations where the priests try to attend. Spiritual guidance and counseling is also an important part of our ministry. Sacraments were arranged at their own local parishes. Now we keep our own registers for sacraments and issue certificates from the Knanaya Catholic Missions. Every Ministry has a Ministry Council with two Trustees. It is true from the history that Faith and Traditions are the two corner stones of the Knanaya Catholic Community. Therefore, the Laity and Clergy always work together... so it continues....

BROOKLYN

There are 163 Knanaya Catholic families living in Brooklyn, Queens and Long Island area of New York. They were under the Diocese of Brooklyn and Rockville Center. We were celebrating Holy Mass on every first Sunday of the month at Osone Park.

Rev. Fr. Michael Nedumthuruthil was appointed as the Director to Brooklyn Knanaya Catholic Mission in the place of Fr. Joseph Saurianmakil in January 1999 . Kids Club was started under his leadership with Mr. Mathewkutty Vattakulam as the first principal. On every first Sunday they have two hour classes prior to the Holy Mass. “Knanaya Catholic Youth League” is organized for the youth. Now they are conducting Holy Mass and other Mission activities in the Chapel of Creedmore Psychartric Center, Queens.

WESTCHESTER-BRONX

Rev. Fr. Jose Saurianmakil started Holy Mass in Syro-Malabar rite in Our Lady of Victory Church, Mount Vernon, New York on every second Sunday from September,1993. Mr. Sayo Kulangara, Mr. Thomas Athimattathil, Mr. Baby Chemmacheril, Mr. Sabu Kuvakkattu, and others worked hard for this. Later in 1996 when the Bishop of Kottayam, Mar Kuriakose Kunnachery visited Archbishop of New York, John Cardinal O’Connor, he agreed officially to establish a Knanaya Catholic Mission in the Archdiocese. In April 1997, Rev. Fr. Thomas Kottoor, then Chancellor of the Diocese of Kottayam, was given assignment as the director of this mission. He was also the associate pastor at St. Benedicts Parish in Bronx.

In December 20, 1998 Rev. Fr. Abraham Kalarickal, then Procurator of Malabar region and Assistant Director of Barmariam Pastoral Center Kannur, was appointed as the Parochial Vicar of Our Lady of Victory Church, Mount Vernon, New York in view of serving the Knanaya Catholic Community in the Archdiocese of New York. His appointment gave a new life to the Westchester-Bronx Knanaya Catholic Mission. Fr. Thomas Kottoor began to concentrate more in Rockland Knanaya Catholic Mission and Fr. Abraham Kalarickal in Westchester-Bronx Knanaya Catholic Mission.

Under the Spiritual Leadership of Fr. Abraham Kalarickal, Westchester-Bronx Knanaya Catholic Mission started a Kids Club. Rev. Msgr. Thomas F. Scanlon inaugurated Knanaya Catholic Kids Club of Westchester and Bronx on March 14, 1999. Mr. Thomas Chamakala, Mr. Thomas Palacheril and Mr. Pious Veluparambil were the principal, secretary and treasurer respectively. With the help of our four Kids Club teachers Rev. Fr. Abraham Kalarickal published a book “THE BRIDGE” a guide to Knanaya Catholic Kids Clubs on Bible and Sacraments. We have also started a Youth Club in September 1999. At the beginning there were about 15 members. Due to the busy schedule of Our Lady of Victory church, now we are conducting our Mass and other Mission activities in St. Ursulus Church, Mount Vernon, New York. We are also conducting spiritual retreats and seminars for youth and Parents. This helps them to keep up their unity and Christian faith. Now there are around 115 families come under this Mission

NEW JERSEY

At the request of the Knanaya Catholic Community living in New Jersy and surrounding area, Rev. Fr. Joseph Saurianmakil started Holy Mass in Syro-Malabar Rite in Fortly. The Holy Mass was started on fourth Sunday of October 1993. At the beginning people from Rockland area also were going to this Mass. However, at the request of the people there, Rockland Knanaya Catholic Mission was started later. Then the people of New Jersy found a more convenient Church in Linden. There are almost 118 families in New Jersy area.

On fourth Sunday of December 1998 they started a Kids club for the children. As a result more and more families began to participate in Ministry activities. There is also “Knanaya Catholic Youth League” for youth. They are active and helping the Kids Club. Mr. Simon Makil was the first principal of the Kids Club. From January 1999 onwards Rev. Fr. Michael Nedumthuruthil is the Director of New Jersy Knanaya Catholic Mission.

ROCKLAND

Rockland Knanaya Catholic Mission was started with the Christmas Eve Mass on December 24, 1994 in St. Catherine’s Church, Blauvelt. Rev. Fr. Saurianmakil and Rev. Fr. Abraham Orapankal concelebrated the Holy Mass. From January 1995 onwards Mass was on every third Sunday. Before that the Rockland Community was a part of New Jersey Knanaya Catholic Mission where the Masses were conducted in Fortly. Mr. James Thrathattel, Mr. Joseph Pottenkuzhy, and Mr. Thomas Palanikumuriyil worked with Fr. Saurianmakal and Fr. Orapankal for this task. Later in 1996 when Mar Kuriakose

*continued on page ...10*

# നമ്മെ നന്മയിലൂടെ നയിച്ച സഭയെ നാം നിന്ദിക്കരുത്

## ഫാ. ഡൊമിനിക്ക് മഠത്തിൽകളത്തിൽ

**വ**ർഷങ്ങൾക്കു മുൻപ് ഒരു സ്ത്രീ അന്നത്തെ കോട്ടയം രൂപതാദ്ധ്യക്ഷൻ മാർ തോമസ് തറയിൽ പിതാവിന്റെ പക്കൽചെന്ന് സങ്കടം ബോധിപ്പിച്ചു: “ക്നാനായ യാക്കോബായ വിശ്വാസത്തിൽ നിന്ന് കത്തോലിക്കാ വിശ്വാസം സ്വീകരിച്ചതിന്റെ പേരിൽ ഞാൻ ഭർത്താവിന്റെ അടികൊള്ളുകയും സ്വന്തം വീട്ടിൽ ഒറ്റപ്പെട്ടു ജീവിക്കുകയുമാണ്. എനിക്കു വേണ്ടി പ്രാർത്ഥിക്കണം.”

തറയിൽ പിതാവ് പള്ളികളിൽ കല്പന എഴുതിയ കൂട്ടത്തിൽ വേദ ഞെരുക്കം അനുഭവിക്കുന്ന ഒരു സ്ത്രീക്കുവേണ്ടി പ്രാർത്ഥിക്കണം എന്ന് എഴുതി. സ്വന്തം ത്യാഗത്തിന്റെയും അനേകരുടെ പ്രാർത്ഥനയുടെയും ഫലമായി കുറെ നാളുകൾക്കു ശേഷം അവരുടെ ഭർത്താവും മക്കളും ആരുടെയും പ്രേരണകൂടാതെ തന്നെ കത്തോലിക്കാ വിശ്വാസം സ്വീകരിച്ചു. മേൽ പറഞ്ഞ സ്ത്രീയുടെ മകളുടെ മകനാണ് ഞാൻ.

നമ്മുടെ വിശ്വാസ പാരമ്പര്യം കത്തോലിക്കാ സഭ പഠിപ്പിക്കുന്ന വിശ്വാസ സത്യങ്ങൾ ആണ്. ക്രിസ്തുവിനാൽ സ്ഥാപിതമായി, അപ്പസ്തോലന്മാരാൽ പരിപോഷിപ്പിക്കപ്പെട്ട് കാരണവന്മാരാൽ കൈമാറി നമുക്കു ലഭിച്ച നിധിയാണ് കത്തോലിക്കാ വിശ്വാസവും കത്തോലിക്കാ സഭയും. സഭ പഠിപ്പിക്കുന്നത് ഉൾക്കൊള്ളുമ്പോൾ ക്രിസ്തുവിനെ അനുസരിക്കുന്നതിന് തുല്യമാണ്.



345 മുതൽ 1911 വരെ ക്നാനായ സമുദായം മറ്റുള്ള സഭാവിശ്വാസികളുമായി യോജിച്ച് ഇണങ്ങിപ്പോന്ന പാരമ്പര്യം ആണുള്ളത്. എന്നാൽ നമുക്ക് നമ്മുടേതായ പള്ളികളും വൈദികരും ഉണ്ടായിരുന്നു. നമ്മുടേതായ ഇടവകകൾ നമ്മൾക്കുള്ളതുകൊണ്ടുമാത്രം നാം നമ്മുടേതായ തനിമയിൽ നിലനിൽക്കുവാൻ സാധിച്ചു; സഭയോടൊത്തു ജീവിക്കുവാൻ സാധിച്ചു.

1911-ൽ ക്നാനായ സമുദായത്തിന് പ്രത്യേകമായ വികാരിയാത്ത് വിശുദ്ധ പത്താം പീയൂസ് മാർപാപ്പ അനുവദിച്ചു തന്നപ്പോൾ സമുദായത്തിന് അതൊരുനേട്ടമായി. അങ്ങനെ സഭയോടൊത്തു സമുദായം വളർന്നു. നമുക്കു നമ്മുടേതായ രൂപത ലഭിച്ചപ്പോൾ നമ്മുടേതായ സമുദായം സാമൂഹികമായും സാംസ്കാരികമായും ആദ്ധ്യാത്മികമായും വളർന്നു. സഭയിൽ കൂടെ സമുദായം വളർന്നു. അല്ലാതെ സമുദായത്തിൽകൂടെ കാതലായ വളർച്ച കത്തോലിക്കാ സഭക്കില്ല. സഭ സ്ഥാപിച്ച പള്ളികളും പള്ളിക്കൂടങ്ങളും കോളജുകളും മുഖേന പലരും പഠിച്ച് ഉന്നത നിലകളിൽ എത്തി. വൈദികരുടെയും കന്യാസ്ത്രീകളുടെയും ഒത്താശയാൽ പ്രവേശനം ലഭിച്ച് പല സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും പഠിച്ചുയർന്നു.

**ഹോങ്കോങ് കേന്ദ്രമാക്കിയുള്ള മർച്ചന്റ് നേവിയിൽ നാവിഗേറ്റിങ് ഓഫീസറായി ജോലി ചെയ്തു വരുമ്പോൾ ബോംബെയിലെ തെരുവു കുട്ടികളുടെ ശോചനീയാവസ്ഥ കണ്ടു മനസ്സുനൊന്ത് സ്ഥാനമാനങ്ങളും ധനാഗമമാർഗവുമുപേക്ഷിച്ച് വൈദിക ശുശ്രൂഷ സ്വീകരിച്ച വ്യക്തിയാണ് ലേഖകൻ. സാൻഹൊസേ കേന്ദ്രമാക്കി വടക്കേ കാലിഫോർണിയായിലെ ക്നാനായ കത്തോലിക്കർക്ക് അജപാലന ശുശ്രൂഷ ചെയ്യുന്ന ഇദ്ദേഹം ഇന്ത്യയിലെ നാനാജാതി മതസ്ഥരായ അനേകം കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകിവരുന്നു.**

**എഡിറ്റർ**

ക്നാനായ കത്തോലിക്കരായ നാം ലോകത്തിലെവിടെ ജീവിച്ചാലും ആദ്യം മനസ്സിലാക്കേണ്ടതും സ്നേഹിക്കേണ്ടതും ആദരിക്കേണ്ടതുമായ സത്യം ക്രിസ്തുവിനേയും ക്രിസ്തു സ്ഥാപിച്ച സത്യസഭയേയും ആണ്. സഭ നമ്മെ വിശ്വാസത്തിലേക്കു നയിക്കുന്നത് ആരാധനാക്രമങ്ങൾ വഴിയാണ്. ഇങ്ങനെയുള്ള ആരാധാന ക്രമങ്ങളിൽ ഒന്നാണ് സീറോ മലബാർ ആരാധനാ ക്രമം. മാർ മാത്യു മൂലക്കാട്ടു പിതാവ് പറഞ്ഞതുപോലെ സീറോ മലബാർ സഭയിലെ “സീറോ” കൊണ്ടുവന്നത് ക്നാനായക്കാരാണ്.

ക്രിസ്തുവർഷം 345ൽ കേരളത്തിലേക്ക് കുടിയേറിയ ക്നാനായക്കാരുടെ കൂടെ മെത്രാനും വൈദികരും ഉണ്ടായിരുന്നു. അവർ കൊണ്ടുവന്ന ആരാധനാ രീതിയിൽ കാലത്തിന്റെ മാറ്റങ്ങൾ ക്രമപ്പെടുത്തി ഉടലെടുത്തതാണ് സീറോ മലബാർ ആരാധന ക്രമം. അന്നു സഭയോടൊത്തു ചിന്തിക്കുകയും ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്തതിന്റെ ഫലം ആണ് നാം ക്നാനായക്കാരായി തലമുറകൾ നിലനില്ക്കുന്നത്. പള്ളിയെയും പട്ടക്കാരനെയും തള്ളി പറയുന്ന പാരമ്പര്യമല്ല നമുക്കുള്ളത്.

അമേരിക്കയിലും യൂറോപ്പിലും പഠിക്കുവാൻ സഭ വൈദികരെ അയച്ചു തുടങ്ങി. മെത്രാനയച്ച വൈദികരും കന്യാസ്ത്രീകളും സ്വന്തപ്പെട്ടവരെയും ബന്ധുക്കളെയും പല രീതിയിൽ യൂറോപ്പിലേക്കും അമേരിക്കയിലേക്കും ക്ഷണിച്ചുവരുത്തി. അങ്ങനെ സഭാ നേതൃത്വത്തിൽ നിന്നു തന്നെ അമേരിക്കയിലേക്കും യൂറോപ്പിലേക്കും കുടിയേറ്റത്തിന്റെ ആരംഭം ഇട്ടു. അന്ന് വന്ന സമൂഹം ഇന്ന് ജീവിച്ചിരിപ്പുണ്ടെങ്കിൽ സഭയെയോ സഭാധികാരികളെയോ കുറ്റപ്പെടുത്തുന്നില്ല. മറിച്ച് നന്ദിയുള്ളവർ ആയിരിക്കും. പിന്നീടുള്ള തലമുറ പഴയതു മറന്ന് ഇന്ന് സഭയെ നയിക്കുന്നവരെ ഞങ്ങൾ വിളിച്ചു വരുത്തിയതാണെങ്കിൽ ഞങ്ങളുടെ ചൊൽപടിക്കു നിന്നാൽ മതി എന്ന മനോഭാവത്തിലാണ്.

മത്തായി 6:24-ൽ പറയുന്നതിപ്രകാരമാണ്: ഒരാൾക്ക് രണ്ട് യജമാനന്മാരെ സ്നേഹിക്കുവാനോ സേവിക്കുവാനോ സാദ്ധ്യമല്ല.

# CHRISTMAS AND NEW YEAR PROGRAMS OF 2003

Chicago: December 24th 2003, at 7p.m at IHM Church.
Liturgical celebration of the Nativity of Our Lord
On 12/ 25/ 03 at 9 a.m Holy Mass at Community Center.
N.B. No evening Mass and Novena on 25th at Community Center.

San Jose: December 27th at 4 p. m, at St. Frances Caprini Parish Holy Mass, social gathering, cultural programs, and Sneha virunnu.

New York: December 24th Nativity and Holy Mass at 10 p. m at Oueens - Faith Chapel

Rockland: On 24th December at 9 p.m Christmas Liturgy
On 31st December at 10 p. m New Year programs.

Los Angeles: On December 20th The Catholic Association and Knanaya Catholic Association celebrate together the Nativity of Our Lord at St. Mary Magdalen Catholic Church Hall at 6 p.m.

Houston: On 24th at 8-30 p.m Christmas Liturgy at the Knanaya Catholic Community Center.

*continued from....page 8*

Kunnachery, the Bishop of Kottayam visited Archbishop of New York, John Cardinal O'Connor, he agreed officially to establish a Knanaya Catholic Mission in the Archdiocese.

Bishop Kuriakose Kunnacherry sent Rev. Fr. Thomas Kottoor, then Chancellor of the Diocese of Kottayam in April 1997 to serve as the director of this mission. He was also the associate pastor at St. Benedict's Parish in Bronx. Rev. Fr. Abraham Kalarickal, then Procurator of Malabar region and Assistant Director of Barmariam Pastoral Center Kannur, was appointed in December 20, 1998 as the Parochial Vicar of Our Lady of Victory Church, Mount Vernon, New York in view of serving the Knanaya Catholic Community in the Archdiocese of New York. Fr. Thomas Kottoor and Fr. Abraham Kalarickal worked together until Fr. Thomas Kottoor was moved to Detroit for studies. Now Rev. Fr. Abraham Kalarickal is the Director of Rockland Knanaya Catholic Mission.

Recently, the Indian Knanaya Catholic Community (association) has procured a 7.02 acres of land including a chapel, cafeteria and an apartment in Luchworth Village, Rockland, New York. We bought it as a Community Center. The community is using this facility for their Social and Spiritual needs. As requested by the Knanaya Catholic Community, now the Mission activities are conducting over here.

On February 27, 1997 Knanaya Catholics here met at Mr. Jose Koithara's house. Rev. Fr. Thomas Kottoor presided over the meeting. There they discussed on starting a Kids Club. Msgr. Mathew Pulikootil, former Vicar General of Kottayam Diocese, officially inaugurated the Rockland Knanaya Catholic Kids Club on August 17, 1997 . Mr. Thomas Palanikumuriyil, Ms. Lissie Tharathattel, Mr. Justin Chamakala and Mr. Aby Chamakala were the principal, vice principal, tresuerer and manager respectively. Mr. Abraham Puthiyadathusseril has offered outstanding contributions to the Kids Club. There we teach Bible, Sacraments, Knanaya History, Family Values, and Traditions. Besides Holy Mass, we provide retreats, seminars, etc to the youth and parents. We have a Youth Club in Rockland. Once in a month we have discussions, debates, or classes for them. Usually we get twenty to thirty youth. So we have programs for children, youth and parents. Knanaya Catholic Families living in Upstate and Connecticut area comes under this Mission. We have around 95 families altogether.

---

അയാൾക്ക് ഒന്നുകിൽ ഒന്നാമനെ ദ്വേഷിക്കുകയും രണ്ടാമനെ സ്നേഹിക്കുകയും ചെയ്യും. അല്ലെങ്കിൽ ഒന്നാമനോടു കൂറുപുലർത്തുകയും രണ്ടാമനെ വെറുക്കുകയും ചെയ്യും. ദൈവത്തെയും സമ്പത്തിനെയും ഒന്നിച്ചു സ്നേഹിക്കുവാനോ സേവിക്കുവാനോ നിങ്ങൾക്ക് സാധ്യമല്ല. "ഒന്നാമനായ ദൈവത്തെയോ രണ്ടാമനായ പണത്തെയോ നാം സ്നേഹിക്കുന്നു? ദൈവത്തെ സ്നേഹിക്കുന്നവൻ ഒരിക്കലും സഭയെയോ സഭാധികാരികളെയോ അപമാനിക്കുകയോ കുറ്റപ്പെടുത്തുകയോ ഇല്ല. ക്രിസതുവിനാൽ സ്ഥാപിതമായതാണ് സഭ. സഭയെ കുറ്റപ്പെടുത്തുന്നവൻ ക്രിസ്തുവിനെ കുറ്റപ്പെടുത്തുന്നു. മാമോനെ (സമ്പത്തിനെ) സനേഹിക്കുന്നവൻ സമുദായത്തിന്റെ പേരും പറഞ്ഞ് സഭയെ തള്ളിപ്പറയുന്നു. നമ്മുടെ കാരണവന്മാരുടെ ഒരു ചൊല്ലുണ്ട്: "കൊച്ചി കണ്ടവന് അച്ചി വേണ്ട" എന്ന്. നാം അതുപോലെ ആകരുത്. കുറെ പണവും ജീവിത സൗകര്യങ്ങളും കണ്ടാൽ സ്വന്തമായതു മറക്കരുത്. നമുക്ക് സ്വന്തമായുള്ളതാണ് നമ്മെ വളർത്തിയ നമ്മുടെ സഭ.

ക്നാനായ ആചാരങ്ങളും അനുഷ്ഠാനങ്ങളും തലമുറകൾതോറും ധന്യമായി നമുക്ക് ലഭിച്ചതാണ്. എന്നാൽ ഈ ആചാരാനുഷ്ഠാനങ്ങൾ ആഗോള കത്തോലിക്കാ വിശ്വാസത്തെ പരിപോഷിപ്പിക്കുന്നവയല്ല. കത്തോലിക്കാ വിശ്വാസത്തിന്റെ കാതലായ വിശ്വാസ സത്യവും അല്ല. നമുക്കുള്ള ആചാരാനുഷ്ഠാനങ്ങൾ സാമൂഹികമായുള്ളതാണ്. അത് നമ്മുടെ സാമൂഹിക ജീവിതത്തിലും സാംസ്കാരിക ജീവിതത്തിനും ഉതകുന്നതാണ്. അല്ലാതെ ആദ്ധ്യാത്മിക-സഭാത്മക ജീവിതത്തിനുള്ളതല്ല. അതിനാൽ ക്നാനായ പാരമ്പര്യം, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ എന്നിവ സാമുദായികമായി പരിപോഷിപ്പിക്കുക. സഭാപരമായി അല്ല. സഭയിൽ നിലനിന്ന് വിശ്വാസ സത്യങ്ങൾ മനസ്സിലാക്കി സഭയോടു യോജിച്ചു നിന്ന് ജീവിക്കുകയും പ്രവർത്തിക്കുകയും ചിന്തിക്കുകയും ചെയ്ത ഒരു പാരമ്പര്യമാണ് നമുക്കുള്ളത്. ആ പാരമ്പര്യം നാമും, നമ്മൾ മുഖേന അടുത്ത തലമുറകൾക്കും കൈമാറിയാൽ ദൈവാനുഗ്രഹം ധാരാളം ഉണ്ടാകും. അങ്ങനെ സഭയെ മനസ്സിലാക്കി സഭയോടൊത്തു ചിന്തിച്ച്, പ്രവർത്തിച്ച് ജീവിക്കുക. നാം വളരേണ്ടതു നമുക്കു ലഭിച്ച ആരാധനാ ക്രമത്തിൽ ആണ്. സീറോ മലബാർ ആരാധനാക്രമം നമ്മുടെതാണ്. അതിൽ നിലനിന്ന്, അതിനെ കാത്തു പരിപാലിച്ച് അതിൽ കൂടെ നാം വളരണം. നമ്മുടെ വിശ്വാസത്തിന്റെ ഉറവിടമായ ക്രിസ്തുവിന്റെ പിറന്നാൾ മംഗളങ്ങൾ ഈ അവസരത്തിൽ ഏവർക്കും നേരുന്നു.

# ക്നാനായ മിഷൻ യുവജന ദൃഷ്ടിയിൽ

## സിറിയക്ക് കീഴങ്ങാട്ട്

**അ**മേരിക്കയിലെ ക്നാനായ സമുദായത്തിന്റെ ആദ്ധ്യാത്മിക വളർച്ചയും സഭാപരമായ അസ്തിത്വവും കൈവരിക്കുവാൻ സഭാ സംവിധാനത്തിനു കീഴിൽ പ്രവർത്തിക്കുന്ന ക്നാനായ മിഷനിലൂടെ മാത്രമേ സാധിക്കൂ എന്ന ബോധ്യമാണ് ചിക്കാഗോ സെന്റ് തോമസ് രൂപതയുമായുള്ള ചർച്ചയ്ക്ക് നേതൃത്വം നൽകുവാൻ അഭിവന്ദ്യ മൂലക്കാട്ടു പിതാവിനെ പ്രേരിപ്പിച്ചത്. പൗരസ്ത്യ തിരുസംഘത്തിന്റെ നിർദ്ദേശം നിലനിൽക്കുന്നതിനാൽ ഇതിനേക്കാൾ വ്യക്തവും സമുദായത്തിനു പ്രയോജനകരവുമായ തീരുമാനം എടുക്കുക ഇന്ന് അസാധ്യമാണ്. ക്നാനായ സമുദായാംഗങ്ങളെന്ന നിലയിൽ പിതാക്കന്മാരുടെ നിർദ്ദേശം അനുസരിക്കാൻ നമുക്ക് കടമയുണ്ട്. അതുകൊണ്ടുതന്നെ ഇടയനെ നയിക്കുവാൻ ശ്രമിക്കുന്ന ആടുകളാകാതെ ഇടയന്റെ നിർദ്ദേശം ശ്രവിക്കുന്ന അജഗണമാകുവാൻ നമുക്കു പരിശ്രമിക്കാം.

ക്നാനായ സമുദായത്തിലെ അംഗങ്ങൾ എന്നപോലെ തന്നെ നമ്മൾ സീറോ മലബാർ കത്തോലിക്കരുമാണ്. ക്നാനായ സമുദായത്തെ സ്നേഹിക്കുവാൻ പഠിപ്പിച്ച നമ്മൾ നമ്മുടെ മാതൃസഭയായ സീറോ മലബാർ സഭയെക്കുറിച്ചു പറഞ്ഞു കൊടുക്കുവാൻ വേണ്ടത്ര പരിശ്രമിച്ചില്ല എന്നതാണ് ഇന്ന് സീറോ മലബാർ എന്നു കേൾക്കുമ്പോൾ പലർക്കും അനിഷ്ടമുണ്ടാകുവാൻ കാരണം. സുറിയാനി ആരാധനാ ക്രമം കേരളത്തിൽ എത്തിച്ചത് ക്നാനായക്കാരനായ ഉറഹാമാർ യൗസേഫു മെത്രാനാണ്. കോട്ടയം രൂപതയിലെ ചില പള്ളികളിൽ തിരുനാളിനോടനുബന്ധിച്ച് ഇന്നും സുറിയാനി ഭാഷയിലുള്ള കുർബ്ബാന അർപ്പിച്ചു വരുന്നത്, സുറിയാനി ആരാധനാക്രമത്തെ നാം ആദരിക്കുന്നു എന്നതിന്റെ വലിയ തെളിവാണ്. സീറോ മലബാർ ആരാധനാക്രമം ചിട്ടപ്പെടുത്തുവാൻ ആദ്യം പരിശ്രമിച്ചത് നാം കണ്ട ഏറ്റവും വലിയ സമുദായ സ്നേഹിയായ മാർ മാത്യു മാക്കീൽ പിതാവാണ്. സീറോ മലബാർ സഭയുടെ വളർച്ചയിൽ കോട്ടയം രൂപതയും നമ്മുടെ സമുദായവും ചെയ്ത സംഭാവനകൾ ഏറെയാണ്. ഇന്ന് കുന്നശ്ശേരി പിതാവ് സിനഡിൽ സ്ഥിരാംഗവും ബഹു. ഇളപ്പാനിക്കൽ അച്ചൻ ഫിനാൻസ് ഓഫീസറുമാണ്.

ഏതൊരു കത്തോലിക്കാ സമുദായത്തിനും അതിന്റെ ആദ്ധ്യാത്മിക വളർച്ചയ്ക്ക് കേന്ദ്രബിന്ദു ആയ ഒരു ആരാധനാ കേന്ദ്രം ആവശ്യമാണ്. നമ്മുടെ പൂർവികരുടെ പഠനം പരിശോധിച്ചാൽ ഉദയം പേരൂരും, കടുത്തുരുത്തിയിലും കോട്ടയത്തും കാണുന്ന പള്ളികൾ കൊടുങ്ങല്ലൂരുനിന്നും കുടിയേറിയ നമ്മുടെ പൂർവ്വ പിതാക്കന്മാർ ഇതേ ലക്ഷ്യത്തോടെ സ്ഥാപിച്ചവയാണ്. ക്നാനായ മിഷനുകൾക്ക് അമേരിക്കയിലെ ക്നാനായ സമുദായത്തിനുവേണ്ടി ചെയ്യാനാവുന്നതും ഇതുതന്നെയാണ്.

ക്നാനായ സമുദായത്തിന്റെ വ്യക്തിത്വം ക്നാനായ മിഷന്റെ സ്ഥാപനത്തോടെ നശിക്കും എന്ന ചിന്താഗതി ശരിയല്ല. കടുത്തുരുത്തിയിൽ താഴത്തു പള്ളി സ്ഥാപിക്കുന്നിടം വരെ കടുത്തുരുത്തി വലിയ പള്ളിയിൽ ക്നാനായക്കാർ അല്ലാതിരുന്നവരും വിശുദ്ധ കുർബ്ബാനയിൽ പങ്കെടുത്തിരുന്നു. എന്നാൽ അക്കാരണത്താൽ ക്നാനായ സമുദായം നശിച്ചില്ല. ഇന്ന് പല ക്നാനായ കുടുംബങ്ങളും മറ്റുരൂപതകളിലെ പള്ളികളിൽ വിശുദ്ധ കുർബ്ബാനയ്ക്കായി പോകുന്നു.



എന്നാൽ അതവരെ മറ്റു രൂപതകളിൽ നിന്നും വിവാഹം കഴിക്കാൻ ഇടയാക്കുന്നില്ല. കാരണം താൻ ക്നാനായക്കാരനാണെന്ന ബോധം അവനിലുണ്ട്. അവനതിനു വില കൽപ്പിക്കുന്നുണ്ട്. ഞാൻ ക്നാനായക്കാരനാണെന്നു പറയുന്നതിൽ അഭിമാനിക്കുന്നു എങ്കിൽ, അതിന്റെ പാരമ്പര്യത്തിൽ ഞാൻ ഊറ്റം കൊള്ളുന്നു എങ്കിൽ, ക്നാനായ സമുദായത്തിൽ നിന്നു ഭാര്യയെ തെരഞ്ഞെടുത്ത് ഞാൻ എൻഡോഗമി നിലനിർത്തും. ഇന്നത്തെ യുവതലമുറയിൽ ആ സാമുദായിക സ്നേഹം വളർത്തേണ്ട ഉത്തരവാദിത്വം ഓരോ കുടുംബത്തിനും സാമുദായിക സംഘടനകളായ കെസിസിഎൻഎക്കും പ്രാദേശിക ഘടകങ്ങൾക്കുമാണ്. വളരെ വർഷങ്ങളായി നമ്മുടെ സമുദായത്തെ ഒരുമിച്ചുനിറുത്തുവാനും എൻഡോഗമി നിലനിർത്തുവാൻ അവസരങ്ങൾ ഉണ്ടാക്കുവാനും നമ്മുടെ സാമുദായിക സംഘടനകൾക്ക് ആയിട്ടുണ്ട് എന്നത് അഭിമാനിക്കേണ്ട കാര്യമാണ്. വരും കാലങ്ങളിൽ നമ്മുടെ സാമുദായിക സംഘടകൾ നമ്മുടെ സമുദായത്തിന്റെ കാവൽ ഭടന്മാരായി തുടരണം

ക്നാനായ മിഷനുകൾ ക്നാനായ മക്കളുടെ ആദ്ധ്യാത്മിക വളർച്ചയ്ക്കുവേണ്ടി പരിശ്രമിക്കുമ്പോൾ നമ്മുടെ സാമുദായിക സംഘടനകൾ സാമുദായിക ബോധം വളർത്തുവാൻ അവസരങ്ങൾ ഒരുക്കണം. ഒന്ന് മറ്റൊന്നിനു പകരമല്ല. സാമുദായിക സംഘടനകളും ക്നാനായ മിഷനും സഹകരിച്ചു പ്രവർത്തിച്ച് ക്നാനായക്കാർ എന്നഭിമാനിക്കുന്ന ഒരു കത്തോലിക്കാ സമൂഹത്തെ വളർത്തിയാൽ ഞങ്ങൾ-ഇന്നത്തെ യുവതലമുറ-എന്നും നിങ്ങളോടു കടപ്പെട്ടിരിക്കും.

അറിയാത്ത ഒന്നിനെ സ്നേഹിക്കുവാനോ സ്നേഹിക്കാത്ത ഒന്നിനെ ഓർത്ത് അഭിമാനം കൊള്ളാനോ സ്വന്തം എന്നനിലയിൽ നിലനിറുത്തുവാനോ ആർക്കും കഴിയില്ല. അതിനാൽ ക്നാനായ സമുദായത്തെക്കുറിച്ചും സുറിയാനി കാത്തോലിക്കാ സമൂഹത്തെക്കുറിച്ചും യുവതലമുറയ്ക്ക് പറഞ്ഞുകൊടുക്കണം. ക്നാനായ സമുദായത്തെ സ്നേഹിക്കുവാനും അതിന്റെ പാരമ്പര്യങ്ങളിലും ആചാരങ്ങളിലും അഭിമാനം കൊള്ളുവാനും വരും തലമുറയെ പഠിപ്പിക്കേണ്ടത് മറ്റു സഭാ സമൂഹങ്ങളെ വെറുക്കാൻ പഠിപ്പിച്ചുകൊണ്ടാകരുത് എന്നുമാത്രം.




Knanaya Missions
P.O. Box 68
Skokie IL 60076